(ബി)

(i) സിവിൽ സപ്ലൈസ് വകുപ്പിൽ 31-8-2004-ൽ കോടതി കേസുകൾ ഉള്ള ഫയലുകൾ ഒഴിച്ച് 71345 ഫയലുകൾ തീർപ്പാക്കാൻ ഉണ്ടായിരുന്നതിൽ 49122 ഫയലുകൾ ഈ കാലയളവിനുള്ളിൽ തീർപ്പാക്കി (68.85%).

(ii) 108513 കുടുംബങ്ങളെ അന്ത്യോദയ പദ്ധതിയിൽ ഉൾപ്പെടുത്തി.

(iii) ഈ കാലയളവിൽ 178 എൽ. ഡി. ക്ലാർക്ക്, 1 ടൈപ്പിസ്റ്റ്, 1 ഡ്രൈവർ, 5 ക്ലാസ് ഫോർ ആഫീസർ എന്നിങ്ങനെ 185 ഒഴിവുകൾ പി. എസ്. സി. മുഖേന നികത്തി.

(iv) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 19 ലാഭം മാർക്കറ്റുകൾ, 13 മാവേലി സ്റ്റോറുകൾ, 5 മാവേലി മെഡിക്കൽ സ്റ്റോറുകൾ ഇവ ആരംഭിച്ചു.

(v) കുടുംബശ്രീ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പന ശാഖകളിലൂടെ വിതരണം ആരംഭിച്ചു.

(vi) ശബരി സ്റ്റേർഴ്സ് എന്ന പേരിൽ 1494 റേഷൻ കടകളെ തിരഞ്ഞെടുത്ത് അവയിലൂടെ മാവേലി സാധനങ്ങൾ, ശബരി ബ്രാന്റ് ഉൽപ്പന്നങ്ങൾ, മറ്റ് വേഗത്തിൽ വിറ്റഴിക്കപ്പെടുന്ന നോൺ മാവേലി സാധനങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചു.

പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള നടപടിക്രമം

65 [1962] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോഡ് ജില്ലയിൽ ആകെ എത്ര പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാർഡ് അനുവദിക്കുവാൻ കാലതാമസമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ റേഷൻ കാർഡിന് അപേക്ഷ ലഭിച്ചാൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇത്ര ദിവസത്തിനകം റേഷൻ കാർഡ് അനുവദിച്ചിരിക്കണമെന്ന് നിഷ്ക്കർഷിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) 25-2-2005-ലെ കണക്കുപ്രകാരം കാസർകോഡ് ജില്ലയിൽ പുതിയ റേഷൻ കാർഡിനുള്ള 2457 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ റേഷൻ കാർഡിനുവേണ്ടി എല്ലാ രേഖകളുമായി ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി കുടുംബശ്രീ മുഖാന്തിരം കമ്പ്യൂട്ടർ വഴി കാർഡിൽ വിവരങ്ങൾ രേഖപ്പെടുത്തി വിതരണം ചെയ്യുന്നതിന് ഒരു നിശ്ചിത സമയം ആവശ്യമാണ്. പുതിയ കാർഡുകളുടെ വിതരണം ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പുതിയ റേഷൻ കാർഡിന് ആവശ്യമായ എല്ലാ രേഖകളോടും കൂടി അപേക്ഷിക്കുന്നവർക്ക് അന്നുതന്നെ പുതിയ റേഷൻ കാർഡ് നൽകുന്നതിനും ഏതെങ്കിലും രേഖകളുടെ അഭാവത്തിലാണെങ്കിൽ ആയതിനുള്ള പരിഹാര നിർദ്ദേശങ്ങൾ അപ്പോൾതന്നെ നൽകി എത്രയും പെട്ടെന്ന് പുതിയ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസർമാർക്കും ആവശ്യമായ സർക്കുലർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കുന്ദമംഗലം നിയോജക മണ്ഡലത്തിലെ മണ്ണാശ്ശേരി അങ്ങാടിയിൽ മാവേലി സ്റ്റോർ

66 [1963] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മുക്കം ഗ്രാമപഞ്ചായത്തിൽ മണ്ണാശ്ശേരി അങ്ങാടിയിൽ മാവേലി സ്റ്റോർ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടി കൈക്കൊണ്ട നടപടി വിശദമാക്കുമോ ;

(സി) പ്രസ്തുത മാവേലി സ്റ്റോർ എന്നത്തേക്ക് യാഥാർത്ഥ്യമാവും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ബാധകമല്ല.

കുന്ദമംഗലത്ത് ലാഭം മാർക്കറ്റും മെഡിക്കൽ സ്റ്റോറും ആരംഭിക്കാൻ നടപടി

67 [1964] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്ത് ലാഭം മാർക്കറ്റും മെഡിക്കൽ സ്റ്റോറും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly